തദ്ദേശ സ്വയംഭരണ വകുപ്പ്ചീഫ് എഞ്ചിനീയറുടെ കാര്യാലയം
(ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)
അഞ്ചാം നില, സ്വരാജ് ഭവൻ,
നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം-3

Phone : 0471-2324951
0471-2324030
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. എ 1-1001/2013/സിഇ/തസ്വഭവ (Vol. V) തീയതി. 08/08/2022

# സർക്കുലർ

വിഷയം : തസ്വഭവ – (LID & EW) – ജീവനക്കാര്യം – ഇൻകംബൻസി ഡീറ്റെയിൽസ് – ക്ലർക്ക് / സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ വിവരങ്ങൾ പരിശോധിച്ച് വിവരങ്ങൾ കൃത്യത വരുത്തുന്നത് – സംബന്ധിച്ച്

സൂചന : 1) ഈ കാര്യാലയത്തിലെ 217.03.2022, 23.06.2022 എന്നീ തീയതികളിലെ എ 1-1014/2015/സിഇ/തസ്വഭവ നമ്പർ സർക്കുലർ (Google Form No. F 1145-1152)
2) ഈ കാര്യാലയത്തിലെ 29.07.2022-ലെ ഇതേ നമ്പർ ഉത്തരവ്

മേൽ സൂചന (1) പ്രകാരം ഈ വകുപ്പിന് കീഴിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ചിരുന്നു. ആയതിൽ ഈ വകുപ്പിലെ ക്ലർക്ക് / സീനിയർ ക്ലർക്ക് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ, (ക്ലർക്ക് / സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ എണ്ണം) സൂചന (2) ഉത്തരവിനെ തുടർന്ന് ഒഴിവുവന്നിട്ടുള്ള ഓഫീസുകൾ എന്നിവ ഇതോടൊപ്പം ഉൾക്കൊള്ളിച്ചുള്ള പ്രൊഫോർമയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതാത് നിയന്ത്രണാധികാരികൾ (പഞ്ചായത്ത് / ബ്ലോക്ക് / ജില്ലാപഞ്ചായത്തുകളിലെ വിവരങ്ങൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, മുനിസിപ്പാലിറ്റികളിലെയും സർക്കിൾ ഓഫീസുകളിലെയും വിവരങ്ങൾ അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും, കോർപ്പറേഷനിലെ വിവരങ്ങൾ അതാത് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും) പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തി വിവരം Proforma No. P-1177-ൽ **12.08.2022 വൈകിട്ട് 5 മണിയ്ക്ക് മുൻപായി** അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതിനാൽ വിവരങ്ങൾ കൃത്യമായി പരിശോധിച്ച് മാത്രം അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ചുള്ള പിന്നീടുണ്ടാകുന്ന എല്ലാ ബാധ്യതകളും അതാത് നിയന്ത്രണാധികാരികൾക്ക് മാത്രമായിരിക്കും എന്നുള്ളതിനാൽ വിവരങ്ങളിലെ കൃത്യത സൂക്ഷ്മമായി ഉറപ്പുവരുത്തേണ്ടതാണ്.

**P-1177**

ചീഫ് എഞ്ചിനീയർ

P 1006